# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1134 06.02.2020 ൽ മറുപടിക്ക്**

**പി.ഡബ്ല്യൂ.ഡി. റോഡിനോട് ചേർന്ന് കിടക്കുന്ന റവന്യൂ തരിശ് ഭൂമി**

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കോതമംഗലം മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. റോഡിനോട് ചേർന്ന് കിടക്കുന്ന റവന്യൂ തരിശ് ഭൂമി പതിച്ച് നല്കുന്നതിന് പൊതുമരാമത്ത് വകുപ്പ് അനുമതി നല്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 30.09.2009 ലെ 20541/സി3/2009 എന്ന പൊതുമരാമത്ത് വകുപ്പിലെ സർക്കുലർ പ്രകാരം പി.ഡബ്ല്യൂ.ഡി. റോഡിന് ചേർന്ന് കിടക്കുന്ന റവന്യൂ തരിശ് ഭൂമിയിൽ താമസിക്കുന്നവരുടെ പട്ടയ അപേക്ഷകൾ നിരസിച്ചുവരുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പി.ഡബ്ല്യൂ.ഡി. റോഡിന് ഭാവിയിൽ ആവശ്യമായ വീതികൂടി കണക്കിലെടുത്ത് റോഡിന്റെ വീതി നിശ്ചയിച്ച് തീരുമാനമെടുത്താൽ ബാക്കി വരുന്ന റവന്യൂ തരിശ് ഭൂമി പതിച്ച് കൊടുക്കുവാൻ കഴിയുമെന്നിരിക്കെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വീതി നിശ്ചയിച്ച് തീരുമാനമെടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ) & (ബി) & (സി) റോഡുകളോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ച്നൽകുന്നതുവഴി റോഡുകൾ വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും തുടർന്ന് റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ചുനൽകുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്നും 30.09.2009 ലെ 20541/സി-3/09/പൊ.മ.വ പ്രകാരം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർക്കുലർ പ്രകാരം റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ച് നൽകുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ ഇപ്പോഴും പരിഗണിക്കുന്നില്ല.

Hemalatha

**സെക്ഷൻ ഓഫീസർ**